# ബഡ്ജറ്റ്

# 2024-25

ബഹുമാന്യരെ,

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് യോഗത്തിലേക്ക് ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും,അംഗങ്ങളെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയും നിർവ്വഹണ ഉദ്യോഗസ്ഥരെയും മറ്റ് എല്ലാ ഉദ്യോഗസ്ഥരെയും ഞാൻ സവിനയം സ്വാഗതം ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തിലേക്ക് നാം കടക്കുകയാണ്. കോവിഡാനന്തരം ഉരുത്തിരിഞ്ഞ പ്രതികൂല സാഹചര്യങ്ങളെ മറികടക്കുന്നതിന് വികസനം ഉത്തേജിപ്പിക്കുന്നതിനോടൊപ്പം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക നയങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടതായിട്ടുണ്ട്. കൃഷി, ക്ഷീരവികസനം, പശ്ചാത്തലം, പാർപ്പിടം, പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹ്യ നീതി, ജെൻഡർ വികസനം ഇടങ്ങി സമഗ്രമേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. നൂതന ആശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യ സാഹചര്യം ഒരുക്കേണ്ടതായിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ 43 കോടി 28 ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് (43,28,75,975/-)രൂപപ്രതീക്ഷിത വരവും 43 കോടി 28 ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് (43,28,75,975/-)രൂപ ചെലവും പ്രതീക്ഷിക്കുന്ന ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷിക ബജറ്റ് നിങ്ങളുടെ ഏവരുടേയും വിശദമായ ചർച്ചകൾക്കും അംഗീകാരത്തിനും വേണ്ടി ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഭരണസമിതിയുടെ നാലാമത്തെ സമ്പൂർണ്ണ ബജറ്റാണിത്. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞ ഒരു സാഹചര്യത്തിലാണ് നാം എത്തി നിൽക്കുന്നത്.ദൗർബല്യങ്ങൾക്കിടയിലും വാഗ്ദാനങ്ങളേറെയും നിറവേറ്റിയ സംതൃപ്തിയോടെയാണ് ഞാനിവിടെ നിൽക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 സാമ്പത്തിക വർഷം വലിയ വെല്ലുവിളികളാണ് നാം നേരിട്ടത്. ട്രഷറി നിയന്ത്രണങ്ങളും, ഫണ്ടിന്റെ ലഭ്യതക്കുറവും നമ്മളെ വലിയരീതിയിൽ ബാധിച്ചിരുന്നുവെങ്കിലും ഈ പ്രതിസന്ധികളെല്ലാം ഒരു പരിധി വരെ മറികടന്ന് മുന്നേറാൻ നമുക്ക് സാധിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. ബജറ്റിൽ മുന്നോട്ട് വെച്ചിട്ടുള്ള ദീർഘകാല ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നമുക്ക് ഒരുമിച്ച് നിൽക്കേണ്ടതുണ്ട്.

## വികസന ക്ഷേമ മേഖലകൾ

### 1. ഭവന നിർമ്മാണം

ഭവന നിർമ്മാണ രംഗത്ത് 2023-2024 സാമ്പത്തിക വർഷം 90 ലക്ഷത്തിലധികം രൂപ ബ്ലോക്ക് വിഹിതമായി ലൈഫ്, പി.എം.എ.വൈ ഭവന പദ്ധതികളിലായി ചെലവഴിക്കാൻ സാധിച്ചു 'സ്വന്തമായി ഒരു വീട്' എന്നത് ഏതൊരാളുടേയും സ്വപ്നമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ട് ഈ ബജറ്റിലും വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തിഅയ്യായിരം (1,22,05,000/-) രൂപ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ 2024-25 സാമ്പത്തികവർഷം കേന്ദ്ര ഗ്രാമ ജില്ല വിഹിതമായി പി.എം.എ.വൈ (ജി) ഭവന പദ്ധതിയിൽ 60 ലക്ഷം ( 60,00,000/-) രൂപയും ലൈഫ് ഭവന പദ്ധതിയിൽ ഒരു കോടി (1,00,00,000/-) രൂപയും, സമാഹരിച്ച് കൊണ്ട് സമഗ്രമായ ഒരു മുന്നേറ്റമാണ് ലക്ഷ്യം വെയ്ക്കുന്നത്. പി.എം.എ.വൈ(ജി) പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ നിന്നും 50 ആവാസ് പ്ലസ് ടാർജറ്റുകൾ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഇനത്തിൽ ലഭ്യമാകുന്ന കേന്ദ്രവിഹിതമായ 60 ലക്ഷം ( 60,00,000/-) രൂപ 2024-25 സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കുന്നതിന് പദ്ധതി തയ്യാറാക്കും.

### 2. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്ന് സമഗ്രമായ മാറ്റങ്ങൾക്ക് നടുവിലാണ്. ഈ പദ്ധതിയുടെ അനന്തമായസാധ്യതകൾ നാം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ മേഖലയെ താങ്ങി നിർത്തുന്നതിനോടൊപ്പം വികസന മുന്നേറ്റത്തിന് മനുഷ്യ വിഭവ

പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. 13 കോടി പതിനാല് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച്(13,14,48,975/-) രൂപ വരവ് പ്രതീക്ഷിക്കുന്ന കേന്ദ്ര ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 13 കോടി പതിനാല് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് (13,14,48,975/-) രൂപ ചെലവിനത്തിലും വകയിരുത്തുന്നു.ഇതോടൊപ്പം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പുതിയ കെട്ടിടം നിർമ്മിച്ച നൽകുന്നതിന് 2024-25 സാമ്പത്തിക വർഷം 15 ലക്ഷം (15,00,000/-) രൂപ വകയിരുത്തുന്നു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളസ്രോതസ്സുകളിൽഭൂഗർഭജലവിതാനംഉയർത്തുന്നതിന് തടയണകൾ, ചെക്ക് ഡാമുകൾഎന്നിവനിർമിക്കുന്നതിന് 26 ലക്ഷവും (26,00,000/-) നീർത്തട പരിപാലന പ്രവൃത്തികൾക്ക് 4 കോടി 76 ലക്ഷവും (4,76,000/-) ചെറുകിട ജലസേചന പ്രവൃത്തികൾക്കും തോടുകൾ / കനാലുകൾഎന്നിവയുടെനിർമ്മാണത്തിനുംപുനരുദ്ധാരണത്തിനുമായി 32 ലക്ഷവും ജലസേചന കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആഴം കൂട്ടലിന് 83 ലക്ഷവും റോഡുകളുടെ ഓരത്തിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള വൃക്ഷതൈ വച്ച് പിടിപ്പിക്കലും വനവത്ക്കരണത്തിനുമായി 36 ലക്ഷവും പുൽമേടുകളുടെ വികസനം, മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ 24 ലക്ഷവും പൊതുവികസന പ്രവൃത്തികൾക്ക് 4 ലക്ഷവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഭൂവികസനവും കിണറുകൾ, കുളങ്ങൾ ജലസേചന അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായി 48 ലക്ഷവും തരിശുഭൂമി വികസനത്തിന് 33 ലക്ഷവും പഴകൃഷി,പട്ടുനൂൽകൃഷി, തോട്ടവിളകൃഷി എന്നിവയിലൂടെ ആജീവനംമെച്ചപ്പെടുത്തുന്നതിന് 11 ലക്ഷവും പുൽമേട് വികസനത്തിന് 37 ലക്ഷവും PMAY(G) പദ്ധതിപ്രകാരമുള്ളഭവനനിർമ്മാണപദ്ധതികളുടെഅവിദഗ്ധതൊഴിലിനായി 23 ലക്ഷവും (23,00,000/-) മൃഗപരിപാലനത്തിനായി കോഴിക്കൂട്, ആട്ടിൻകൂട്, പട്ടിക്കൂട്, തൊഴുത്ത് എന്നിവയുടെ നിർമ്മാണത്തിനായി 1 കോടി 89 ലക്ഷവും (1,89,00,000/-) ജൈവവളത്തിന്റെ ഉല്പാദനത്തിനായി 61 ലക്ഷവും (61,00,000/-) സ്വയംസഹായ സംഘങ്ങൾക്ക് ഉപജീവനത്തിന് പൊതു വർക്ക് ഷെഡുകളുടെ നിർമ്മാണത്തിന് 27 ലക്ഷവും (27,00,000/-) ഗ്രാമീണ റോഡുകളുടെ നിർമ്മാണവും ഉൾറോഡുകളുടെയും വീഥികളുടെയും കളിസ്ഥലങ്ങളുടെയും നിർമ്മാണത്തിനായി 90 ലക്ഷവും (90,00,000/-) ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനും ജലനിർഗ്ഗമന പ്രവൃത്തികൾക്കും 7 ലക്ഷവും (7,00,000/-) അംഗനവാടികൾ, അഭയകേന്ദ്രങ്ങൾ, ക്രിമിറ്റോറിയം എന്നിവയുടെ നിർമ്മാണത്തിന് 75 ലക്ഷവും (75,00,000/-) വകയിരുത്തുന്നു.

### 3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് ഇനത്തിൽ 2024-25 സാമ്പത്തികവർഷം 29,52,000/- രൂപയാണ് കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നത്. ഈ വിഹിതം ഇലന്തൂർ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിലേക്ക് വകയിരുത്തുന്നു.ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് ഇനത്തിൽ 44,29,000/- രൂപയാണ് വരവ് പ്രതീക്ഷിക്കുന്നത്.പൗരബോധവും സാമൂഹ്യബോധവുമുള്ള ഒരു സമൂഹത്തിൽ മാത്രമേ ശുചിത്വം സാധ്യമാക്കുകയുള്ളൂ. മാലിന്യസംസ്കരണ രംഗത്ത് ഇനിയും നമുക്ക് വളരെ ദൂരം മുന്നോട്ടേക്ക് പോകേണ്ടതുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഇതുൾക്കൊണ്ടുകൊണ്ട് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ ബേബി ഫ്രണ്ട് ലി ടോയിലറ്റുകൾ നിർമ്മിക്കുന്നതിനായി 5 ലക്ഷം രൂപയും (5,00,000/-) നിർമ്മലഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല പദ്ധതിയ്ക്കായി 2,14,500/- രൂപയും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ടോയ്.ലറ്റ് നിർമ്മാണത്തിനായി 10 ലക്ഷം (10,00,000/-) രൂപയും സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 7 ലക്ഷത്തി പതിനാലായിരത്തി അഞ്ഞൂറ് (7,14,500/-) രൂപയും വകയിരുത്തുന്നു. ബ്ലോക്ക് പരിധിയിലെ അങ്കണവാടികളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. പുത്തൻപീടിക താന്നിമൂട്ടിൽ പടി കുടിവെള്ള പദ്ധതിക്കായി, 22 ലക്ഷം(22,00,000/-) രൂപ വകയിരുത്തി 2023-24 സാമ്പത്തിക വർഷംപദ്ധതി രൂപീകരിച്ചു. അങ്കണവാടികളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷവും 10 ലക്ഷം (10,00,000/-) രൂപ വകയിരുത്തുന്നു. ഒരു പുതിയ ചുവടുവെയ്പ്പ് എന്ന നിലയിൽ എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 5 ലക്ഷം (5,00,000/-) രൂപ വകയിരുത്തുന്നു. സ്ഥാപനതലത്തിൽ കമ്പോസ്റ്റിംഗ് ആന്റ് ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വ ഭാരത മിഷൻ (ഗ്രാമീൺ) ഫണ്ടിനത്തിൽ നിന്നും 10 ലക്ഷം (10,00,000/-) രൂപ വകയിരുത്തുന്നു

4. എം.പി./എം.എൽ.എ ആസ്തി വികസന ഫണ്ട്

എം.പി/എം.എൽ.എ പ്രവർത്തികൾക്കായി 1 കോടി (1,00,00,000/-) രൂപയും എം.എൽ.എ മാരുടെ ആസ്തി വികസനപദ്ധതിയിൽ നിന്നും 3 കോടി (3,00,00,000/-) രൂപയും പ്രകൃതിക്ഷോഭ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2 കോടി (2,00,00,000/-) രൂപയും ആർദ്രം, ആരോഗ്യ സംരക്ഷണ പദ്ധതിയ്ക്ക് 75 ലക്ഷം (75,00,000/-) രൂപയും ഹരിത കേരളം പദ്ധതിക്കായി 2കോടി (2,00,00,000/-) രൂപയും വരവ് പ്രതീക്ഷിക്കുന്നു.

5.കാർഷിക മേഖല

2023-24 സാമ്പത്തിക വർഷം നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ 10 ലക്ഷം (10,00,000/-) രൂപയും കാലിത്തീറ്റ, പാൽ എന്നിവയ്ക്ക് സബ്സിഡിയായി 9 ലക്ഷം (9,00,000/-) രൂപയും ചെലവഴിക്കാൻ സാധിക്കും. വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം പദ്ധതിയ്ക്കായി 3 ലക്ഷം (3,00,000/-) രൂപ ചെലവഴിക്കും. 2024-25 സാമ്പത്തിക വർഷം

നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയ്ക്ക് 10 ലക്ഷം (10,00,000/-) രൂപയും കാലിത്തീറ്റ സബ്സിഡി, പാലിന് സബ്സിഡി എന്നിവയ്ക്ക് 10 ലക്ഷം(10,00,000/-) രൂപയും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 5 ലക്ഷം(5,00,000/-)രൂപയും വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണത്തിന് 2 ലക്ഷം (2,00,000/-)രൂപയും വകയിരുത്തുന്നു. ക്ഷീരവികസന രംഗത്ത് സമഗ്ര ഇടപെടലുകൾ ആവശ്യമാണെന്ന വിലയിരുത്തലിന്റെ ഭാഗമായി കുറഞ്ഞത് 5 പശുക്കളെങ്കിലുമുള്ള മിനി ഡയറിഫാമുകളുടെ ആധുനികവത്ക്കരണത്തിന് 2023-24 മാതൃകയിൽ പദ്ധതി നടപ്പിലാക്കും.

സർവ്വകലാശാലകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കൃഷി അനുബന്ധമേഖലകളിലെ വിളവെടുപ്പിന് ശേഷമുള്ള പ്രാഥമിക സംഭരണം, ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് മുതലായവയ്ക്കുള്ള സാങ്കേതികസഹായം ലഭ്യമാക്കുന്നതിനായി ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5 ലക്ഷം(5,00,000/-) രൂപ വകയിരുത്തുന്നു. ഇതിനായി മാർച്ച് 31-നകം വിശദമായി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയേയും കൃഷി അസിസ്റ്റന്റ് ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു.

6. <u>സേവന മേഖല</u>

കലാകായിക കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് ഉത്തമവേദി എന്ന നിലയിൽ കേരളോത്സവം നടത്തിപ്പിനായി 1,00,000/-രൂപ വകയിരുത്തുന്നു.

സംസ്ഥാന സർക്കാരിന്റെ പ്രഥമ പരിഗണനകളിൽ ഒന്നായ അതിദാരിദ്ര്യ നിർമാർജ്ജനത്തിന് ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി 3,00,000/- രൂപയും അഗതി ആശ്രയ പദ്ധതിക്കായി 3 ലക്ഷം (3,00,000/-)രൂപയും വകയിരുത്തുന്നു.ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സുരക്ഷ പദ്ധതി എന്ന പേരിൽ എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും അനുബന്ധ സൗകര്യം ഒരുക്കുന്നതിനും 75,000/- രൂപ വകയിരുത്തുന്നു. കുട്ടികളിലും കൗമാരക്കാർക്കിടയിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിന് ലഹരി വിരുദ്ധ സമഗ്ര പരിപാടിയായ മുക്തധാര പദ്ധതിക്കായി 75,000/- രൂപ വകയിരുത്തുന്നു. സ്കൂളുകളും കോളേജുകളുമായി സഹകരിച്ച് പ്രസ്തുത പദ്ധതിയ്ക്കായി ഫ്ലാഷ് മൊബുകളും ഡോക്യുമെന്ററികളുടെ പ്രദർശനവും സംഘടിപ്പിക്കും.

ജീവിതത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്ത് തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുകയാണ് നമ്മുടെ ചുമതല. കുട്ടികൾക്ക് താല്പര്യമുള്ളതും ആഗ്രഹിക്കുന്നതുമായ കളികളിലേർപ്പെടുന്നതിനും വ്യായാമമുറകൾ ചെയ്യാൻ അവസരം ഒരുക്കുന്നതിനുമായി സ്പോർട്സ് അക്കാഡമിയുടെ സഹായത്തോടെ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വ്യായാമം പദ്ധതിയ്ക്ക് 2 ലക്ഷം (2,00,000/-) രൂപ പ്രാഥമികമായി വകയിരുത്തുന്നു. ഇലന്തൂർ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനായി 7,83,000/- രൂപ വകയിരുത്തുന്നു. പദ്ധതി രൂപീകരണ വേളയിൽ, പ്രസ്തുത പദ്ധതിക്കായി ആവശ്യമെങ്കിൽ കൂടുതൽ തുക വകയിരുത്തുന്നതാണ്. യുവകലാകാരൻമാർക്ക് പ്രതിമാസം 7500/- രൂപ വീതം ഫെലോഷിപ്പ് നൽകുന്നതിനും പഠിതാക്കൾക്ക് കഥകളി, പടയണി,വഞ്ചിപ്പാട്ട്, ചിത്രരചന എന്നീ കലകളിൽ സൗജന്യ പരിശീലനം നൽകുന്നതിനും പരിശീലനം പൂർത്തിയാക്കിയ കലാകാരന്മാരുടെ അരങ്ങേറ്റത്തിനുമായി 3,60,000/- രൂപ വകയിരുത്തുന്നു.

## 7. ഭിന്നശേഷി/ വയോജന മേഖല /കുട്ടികളുടെക്ഷേമം

പാലിയേറ്റീവ് രംഗത്ത് മുമ്പെങ്ങും ഇല്ലാത്ത വിധം 15 ലക്ഷത്തോളം (15,00,000/-) രൂപ ചെലവഴിക്കാൻ 2023-24 സാമ്പത്തിക വർഷം സാധിച്ചു 2024-25 സാമ്പത്തിക വർഷവും പാലിയേറ്റീവ് കെയർ പരിചരണത്തിനായി 10 ലക്ഷം (10,00,000/-) രൂപ വകയിരുത്തുന്നു.

2023-24 മാതൃകയിൽ ഭിന്നശേഷി കലോത്സവം സംഘടിപ്പിക്കുന്നതിനായി 2024-25 സാമ്പത്തികവർഷവും 1,50,000/- രൂപ വകയിരുത്തുന്നു. 2023-24 സാമ്പത്തികവർഷത്തെ ഭിന്നശേഷിക്കാർക്ക് സൈഡ്വീൽ സ്കൂട്ടർ വാങ്ങുന്നതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. 2024-25 സാമ്പത്തിക വർഷവും ഭിന്നശേഷിക്കാർക്ക് സൈഡ്വീൽ സ്കൂട്ടർ വാങ്ങുന്നതിനായി 5 ലക്ഷം (5,00,000/-) രൂപ വകയിരുത്തുന്നു. ശാരീരിക –മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് ബി.ആർ.സിക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം 50,000/- രൂപ ചെലവഴിച്ചിരുന്നു. അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിയുന്നതിന് സ്പീച്ച് ബിഹേവിയർ ആന്റ് ഒക്യുപേഷണൽ തെറാപ്പി ലഭ്യമാക്കുന്നതിന് ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ കേന്ദ്രീകരിച്ചും അങ്കണവാടികൾ കേന്ദ്രീകരിച്ചും ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 1 ലക്ഷം (1,00,000/-) രൂപ വകയിരുത്തുന്നു.

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വയോജനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിനും വയോജനകലോത്സവത്തിനുമായി 2023-24 സാമ്പത്തിക വർഷം 2 ലക്ഷം (2,00,000/-) രൂപ വകയിരുത്തിയിരുന്നു. സമാനമായി വയോജന കൂട്ടായ്മകൾ, വയോജനങ്ങൾക്ക് ഉല്ലാസയാത്രകൾ, വയോജന കലോത്സവം എന്നിവ സംഘടിപ്പിക്കുന്നതിന് സായംപ്രഭ പദ്ധതിയ്ക്കായി 2 ലക്ഷം (2,00,000/-) രൂപ വകയിരുത്തുന്നു.

8. വനിതാക്ഷേമം

2023-24 സാമ്പത്തിക വർഷം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3,75,000/- രൂപ വീതം സബ്സിഡി അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. സ്വയം തൊഴിൽ രംഗത്തേക്ക് വനിതാ സംരംഭകരെ കൈപിടിച്ചുയർത്താൻ 2022-23 സാമ്പത്തിക വർഷത്തിന് സമാനമായി ഈ സാമ്പത്തിക വർഷവും നമുക്ക് സാധിച്ചു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 16 ലക്ഷത്തി അൻപതിനായിരം (16,50,000/-) രൂപ ചെലവഴിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷവും സമാന മാതൃകയിൽ വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 8 ലക്ഷം(8,00,000/-) രൂപ വകയിരുത്തുന്നു. പ്രസ്തുത പദ്ധതിക്കായി വനിതാ ഗ്രൂപ്പുകളെ കണ്ടെത്തുന്നതിനായി ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ തൊഴിൽ രഹിതരായ വനിതകളെ ഈ രംഗത്തേക്ക് കൂട്ടികൊണ്ടുവരുന്നതിനായി അസാപ്പുമായി സഹകരിച്ച് നൈപുണ്യ വികസന പരിശീലനം നൽകുന്നതിനായി 3 ലക്ഷം (3,00,000/-) രൂപ വകയിരുത്തുന്നു.

സ്ത്രീപക്ഷ നവകേരളം ക്യാമ്പെയിന്റെ ഭാഗമായി വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തും. ബ്ലോക്ക് തല ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനും സ്ത്രീപദവി പഠനത്തിനുമായി 1 ലക്ഷം (1,00,000/-) രൂപ വകയിരുത്തുന്നു.

ആരോഗ്യകരമായ ദാമ്പത്യത്തിന് വൈരുദ്ധ്യ പരിഹാര കഴിവുകൾ നിർണ്ണായകമാണ്. വിവാഹപൂർവ്വ കൗൺസിലിംഗ് ദമ്പതികൾക്ക് സാധ്യമായ പൊരുത്തക്കേടുകൾ തിരിച്ചറിയുന്നതിനും കഠിനമായ പോരാട്ടങ്ങളിലൂടെ കടന്നുപോകാൻ ആവശ്യമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഒരു വഴി വാഗ്ദാനം ചെയ്യുന്നു. വിവാഹപൂർവ്വ കൗൺസിലിംഗിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഈ പദ്ധതിയ്ക്കായി 5,00,000/- രൂപ വകയിരുത്തുന്നു. വനിതകൾക്ക് യോഗ പരിശീലനത്തിനായി 2 ലക്ഷം(2,00,000/-)രൂപ വകയിരുത്തുന്നു.

പെൺകുട്ടികളിൽ വർദ്ധിച്ചുവരുന്ന അനീമിയ രോഗനിർണ്ണയത്തിനും ബോധവത്കരണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി സുഷാമൃതം എന്ന പേരിൽ പുതിയ പദ്ധതി രൂപീകരിക്കുന്നതിന് 4 ലക്ഷം (4,00,000/-) രൂപ വകയിരുത്തുന്നു.

വനിതാഘടകപദ്ധതികൾ സമയബന്ധിതമായ പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ടി മേഖലയിൽ സമഗ്ര ഇടപെടലുകൾ നടത്തേണ്ടത് ഒരു സ്ത്രീ എന്ന നിലയിൽ എന്റെ കടമ കൂടിയാണെന്ന് ഞാൻ തിരിച്ചറിയുന്നു. വനിതാക്ഷേമപദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വ്യവസായ വികസന ഓഫീസർ, വനിതാ ശിശു വികസന ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം) എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നു.

## 9. പൊതുജനാരോഗ്യം

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സുകൃതം പദ്ധതി നടപ്പാക്കുന്നതിനായി 3,50,000 രൂപ വകയിരുത്തുന്നു. ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും മൊബൈൽ ലാബോറട്ടറി സംവിധാനം ഒരുക്കുന്നതിനുമായി ജീവതാളം എന്ന പേരിൽ നൂതന പദ്ധതി രൂപീകരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിനേയും ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി അംഗങ്ങളേയും ഇലന്തൂർ സി.എച്ച്.സി മെഡിക്കൽ ഓഫീസറേയും ആസൂത്രണ സമിതി ഉപാദ്ധ്യക്ഷനേയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നു.

## 10. പട്ടികജാതി /പട്ടികവർഗ്ഗ വികസനം

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി ഗുണഭോക്താക്കൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 36,55,000/- രൂപയും പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 40 ലക്ഷം (40,00,000/-) രൂപയും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ എസ്.സി സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുന്നതിന് 10 ലക്ഷം (10,00,000/-) രൂപയും വകയിരുത്തുന്നു. ഇലന്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് 4 പുളിമൂട് എളമന ചരിവ് സെറ്റിൽ മെൻറ് കോളനി റോഡ് കോൺക്രീറ്റിംഗിന് 5 ലക്ഷം(5,00,000/-) രൂപയും രക്ഷാ സൈന്യപ്പള്ളി - ഈട്ടിത്തടത്തിൽ റോഡ് കോൺക്രീറ്റിംഗിന് 5 ലക്ഷം (5,00,000/-) രൂപയും മറ്റ് റോഡ് കോൺക്രീറ്റിംഗ്, റീ-ടാറിംഗ് പ്രവൃത്തികൾക്കുമായി 20,00,000/- രൂപയും വകയിരുത്തുന്നു. പട്ടികജാതി വിഭാഗക്കാർക്ക് ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസന പരിശീലനത്തിനായി 4 ലക്ഷം(4,00,000/-) രൂപയും പട്ടികജാതി പുരുഷഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 6 ലക്ഷം (6,00,000/-) രൂപയും വകയിരുത്തുന്നു. ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 82,000/- രൂപ വകയിരുത്തുന്നു. പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്തി രൂപീകരിക്കുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പട്ടികജാതി വികസന ഓഫീസർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, വ്യവസായ വികസന ഓഫീസർ, അസി.എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നു

### 11. മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം)

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിഭാഗത്തിൽ ₹66,18,000/- രൂപയാണ് വരവ് പ്രതീക്ഷിക്കുന്നത്. വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ,സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ, വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ, വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചറും മറ്റ് ഉപകരണങ്ങളും വാങ്ങൽ, ഇലന്തൂർ സി എച്ച് സി റിട്ടയിനിംഗ് വാൾ നിർമ്മാണം എന്നിവയ്ക്കായി ₹66,18,000/- രൂപ വകയിരുത്തുന്നു.

### 12. ജനറൽ പർപ്പസ് ഗ്രാന്റ്

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 79,17,000/- രൂപയാണ് വരവ് പ്രതീക്ഷിക്കുന്നത്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ഓണറേറിയം, ഓഫീസ് ചെലവുകൾ, ദിവസ വേതനം മുതലായവ, വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ, യാത്രാപ്പടി, ഉദ്ഘാടന ചെലവുകൾ, കലാപരിപാടികൾ, സ്വീകരണങ്ങൾ, ഓഫീസ് വൈദ്യുതി, ടെലിഫോൺ ചെലവുകൾ, പ്രസിഡന്റിന്റേയും, വൈസ് പ്രസിഡന്റിന്റേയും ടെലിഫോൺ അലവൻസ്, അസി.എക്സി. എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ,പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം,എബിസി പദ്ധതി - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ മുതലായവയ്ക്കായി 69,17,000/- രൂപ വകയിരുത്തുന്നു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് പുതിയ വാഹനം വാങ്ങുന്നതിനായി 10 ലക്ഷം (10,00,000/-) രൂപയും വകയിരുത്തുന്നു.

### ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വരവ് ചെലവ്

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വരവിനത്തിൽ (പന്ത്രണ്ട് കോടി ഏഴ് ലക്ഷത്തി അൻപതിനായിരം) 12,07,50,000/- രൂപ പ്രതീക്ഷിക്കുന്നു. ഈ സ്ഥാപനങ്ങളുടെ ചെലവിനത്തിൽ 12,07,50,000/- രൂപ വകയിരുത്തുന്നു. ഇത് കൂടാതെ കൃഷി വകുപ്പ്, നബാർഡ്, തുടങ്ങിയവ മുഖാന്തിരം 50 ലക്ഷം രൂപ (50,00,000/-) അധികമായി സമാഹരിക്കേണ്ടതുണ്ട്. വയലുകളോട് ചേർന്നുള്ള വരമ്പുകൾ, ചെറിയ നടവഴികൾ എന്നിവയുടെ വികസനത്തിന് 50 ലക്ഷം (50,00,000/-) രൂപ വകയിരുത്തുന്നു.

### ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിട സമുച്ചയം

നിലവിൽ പ്രവർത്തിച്ച് വരുന്ന ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം കാലപ്പഴക്കവും, അസൗകര്യവും, ചോർച്ചയും കാരണം മോശാവസ്ഥയിലാണ് ഉള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി കാര്യാലയം, മീറ്റിംഗ് ഹാൾ,പരിശീലനം നടത്തുന്നതിനുള്ള ഹാൾ, വനിതാ ജീവനക്കാർക്ക് പ്രത്യേക വിശ്രമമുറി, ശുചിമുറികൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു

ബ്ലോക്ക് പഞ്ചായത്ത് ആഫീസ് സമുച്ചയം വേണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഇതിനായി 2024-25 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിൽ നിന്നും ജനറൽ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയ്ക്ക് പുറമെ ജനറൽ പർപ്പസ് ഗ്രാന്റ് (മിച്ചം) ഇനത്തിൽ 90 ലക്ഷം രൂപയും എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 60 ലക്ഷം രൂപയും എം.പിയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 30 ലക്ഷം രൂപയും ചേർത്ത് പുതിയ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട സമുച്ചയം പണിയുന്നതിനായി 2 കോടി 30 ലക്ഷം രൂപ വകയിരുത്തുന്നു.

## ഉപസംഹാരം

വെല്ലുവിളികളും പ്രതിസന്ധികളും നിറഞ്ഞ് കാലിടറുമയിരുന്ന സാമ്പത്തിക കുറ്റപാടിൽ ആലസ്യം ബാധിച്ചും ആത്മവിശ്വാസം നഷ്ടപ്പെട്ടതിയും പരാജയപ്പെടാതെ, പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കി വികസന രംഗത്ത് മുന്നേറാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ഞാനിവിടെ നിൽക്കുന്നത്.

നമുക്ക് നമ്മുടെ വിഭവശേഷി തിരിച്ചറിയാൻ കഴിയണം. അത് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. നമുക്ക് നമ്മുടെ കർമ്മശേഷി തിരിച്ചറിയാൻ കഴിയണം. അത് പൊതുക്ഷേമത്തിനായി വിനിയോഗിക്കാൻ കഴിയണം.

ഭരണപക്ഷവും പ്രതിപക്ഷവും ശത്രുക്കളല്ല, വികസന പാതയിലെ ബന്ധുക്കളായിരിക്കണം. ഇതാണ് നമ്മുടെ ഭാവി ഭാസുരമാക്കുന്നതിനുള്ള വിജയമന്ത്രം. അത് നമുക്കെല്ലാം പ്രചോദനമാവട്ടെ, ചൈതന്യമാവട്ടെ.

ഭരണസമിതിയുടെ സമഗ്രമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ബഡ്ജറ്റ് സമർപ്പിക്കുന്നു.

അനീഷ കെ ആർ
വൈസ് പ്രസിഡന്റ് & ചെയർപേഴ്സൺ
ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

# ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത്

ബജറ്റ് 2024-2025

| ക്രമനം | വരവിനം | തുക | നം | ചെലവിനം | തുക |
|---|---|---|---|---|---|
| I | പ്രത്യേകപദ്ധതികൾ | | I | പ്രത്യേകപദ്ധതികൾ | |
| 1 | പി എം.എ.വൈ ഭവന നിർമ്മാണം | 6000000 | 1 | പി എം.എ.വൈ ഭവന നിർമ്മാണം | 6000000 |
| 2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 131448975 | 2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 131448975 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | |
| | അടിസ്ഥാന ഗ്രാന്റ് | 2952000 | | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം | 2952000 |
| | പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 4429000 | | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ടോയ് ലെറ്റ് നിർമ്മാണം | 1000000 |
| | | | | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് - അംഗൻവാടികളിൽ ടെണ്ടിപ്പാണ് ചി ടോയ് ലെറ്റ് നിർമ്മാണം | 500000 |
| | | | | നായ്ക്കപ്പരോട്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം | 500000 |
| | | | | നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ലാ പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 214500 |
| | | | | അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം | 1000000 |
| | | | | എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | 500000 |
| | | | | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി | 714500 |
| | ആകെ | 144829975 | | ആകെ | 144829975 |
| II | എം.പി/എംഎൽഎ മരാമത്ത് പണികൾ | 10000000 | II | എം.പി/എംഎൽഎ മരാമത്ത് പണികൾ | 10000000 |
| III | പ്രകൃതിക്ഷോഭപുനരുദ്ധാരണ പ്രവർത്തികൾ | 20000000 | III | പ്രകൃതിക്ഷോഭപുനരുദ്ധാരണ പ്രവർത്തികൾ | 20000000 |
| IV | എം.എൽ.എ.മാരുടെ ആസ്ഥിവികസന പദ്ധതി | 30000000 | V | എം.എൽ.എ.മാരുടെ ആസ്ഥിവികസന പദ്ധതി | 30000000 |
| V | ആർദ്രം- ആരോഗ്യ സംരക്ഷണ പദ്ധതി | 7500000 | V | ആർദ്രം- ആരോഗ്യ സംരക്ഷണ പദ്ധതി | 7500000 |
| VI | ഹരിത കേരളം | 20000000 | VI | ഹരിത കേരളം | 20000000 |
| VII | ലൈഫ് ഭവന പദ്ധതി | 10000000 | VII | ലൈഫ് ഭവന പദ്ധതി | 10000000 |
| | ആകെ | 242329975 | | ആകെ | 242329975 |

| VIII | വാർഷിക പദ്ധതി | | VIII | വാർഷിക പദ്ധതി | |
|---|---|---|---|---|---|
| | പൊതു വിഭാഗം വികസന ഫണ്ട് | 17524000 | | | |
| | | | I | പൊതു വിഭാഗം (പാർപ്പിട മേഖല) | 2550000 |
| | | | | ലൈഫ് ഭവന പദ്ധതി | 2550000 |
| | | | II | കാർഷിക മേഖല | 3200000 |
| | | | 1 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1000000 |
| | | | 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, | 1000000 |
| | | | 3 | പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം | 500000 |
| | | | 4 | ഇൻകുബേഷൻ/ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ | 500000 |
| | | | 5 | വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം-സംരക്ഷണ വേലി -ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 200000 |
| | | | III | ഭിന്നശേഷി/വയോജന മേഖല/കുട്ടികൾ | 2950000 |
| | | | 1 | പാലിയേറ്റീവ് കെയർ പരിചരണം ആവശ്യമുള്ളവരുടെ ക്ഷേമം | 500000 |
| | | | 2 | അംഗൻവാടി പൂരക പോഷകാഹാരം പദ്ധതി | 500000 |
| | | | 3 | ഭിന്നശേഷി സ്കോളർഷിപ്പ് | 500000 |
| | | | 4 | ഉണർവ്വ് 2024-25 ഭിന്നശേഷി കലോത്സവം | 150000 |
| | | | 5 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം | 500000 |
| | | | 6 | സ്പീച്ച് ബിഹേവിയർ ആൻഡ് ഒക്യുപേഷണൽ തെറാപ്പി | 100000 |
| | | | 8 | സായംപ്രഭ വയോജന ക്ലബ്ബ് | 200000 |
| | | | 9 | സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റ് | 500000 |
| | | | IV | വനിതാ ഘടക പദ്ധതി | 2200000 |
| | | | 1 | വനിതകൾക്ക് യോഗ പരിശീലനം | 200000 |
| | | | 2 | വനിതകൾക്ക് പ്രീമാര്യേജ് കൗൺസിലിംഗ് സെന്റർ തുടർപ്രവർത്തനങ്ങൾ | 500000 |
| | | | 3 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് സബ്സിഡി | 700000 |
| | | | 4 | ബ്ലോക്ക് ജെൻഡർ റിസോഴ്സ് സെന്റർ ശാക്തീകരണവും സ്ത്രീ പദവി പഠനവും | 100000 |
| | | | 5 | പെൺകുട്ടികളിലെ വിളർച്ച നിർണ്ണയ ക്യാമ്പും ബോധവത്ക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും | 400000 |
| | | | 8 | ഇളവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ തൊഴിൽ രഹിതരായ വനിതകൾക്ക് അസാപ്പുമായി സഹകരിച്ച് നൈപുണ്യ വികസന പരിശീലനം | 300000 |

| | | | | | |
|---|---|---|---|---|---|
| | | | V | മറ്റ് സേവന മേഖല പദ്ധതികൾ | 3224000 |
| | | | 1 | പദ്ധതി രൂപീകരണം, മോണിട്ടറിംഗ് | 131000 |
| | | | 2 | കേരളോത്സവം 2024 | 100000 |
| | | | 3 | അതി ദാരിദ്ര്യ നിർമ്മാർജ്ജനം | 300000 |
| | | | 4 | എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കലും അനുബന്ധ സൗകര്യം ഒരുക്കലും | 75000 |
| | | | 5 | ലഹരി വിമുക്ത സമഗ്ര പരിപാടി - മുക്തധാര | 75000 |
| | | | 6 | അഗതി ആശ്രയ പദ്ധതി | 300000 |
| | | | 7 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | 783000 |
| | | | 8 | എൽ പി സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ ഉപകരണങ്ങൾ വാങ്ങൽ | 200000 |
| | | | 9 | യുവകലാകാരന്മാർക്ക് ഫെലോഷിപ്പും കലാപരിശീലനവും പഠിതാക്കളുടെ അരങ്ങേറ്റവും | 360000 |
| | | | 10 | കൈത്താങ്ങ്- ഡയാലിസിസ് രോഗികൾക്ക് ധനസഹായം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 350000 |
| | | | 11 | ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പും മൊബൈൽ ലബോറട്ടറി സംവിധാനം ഒരുക്കലും -ജീവതാളം | 550000 |
| | | | VI | പശ്ചാത്തല മേഖല | |
| | | | 1 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടസമുച്ചയം | 3400000 |
| | ആകെ | 259853975 | | ആകെ | 259853975 |
| | പ്രത്യേക ഘടക പദ്ധതി | 13655000 | | | 13655000 |
| | | | 1 | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികജാതി - ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ | 3655000 |
| | | | 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 5000000 |
| | | | 3 | സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണം | 1000000 |
| | | | 4 | ഇലന്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് 4 പുളിന്ത് ഏളന്ന പരിവ് സെറ്റിൽ മെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് | 500000 |

| | | | | | |
|---|---|---|---|---|---|
| | | | 5 | കരമ സൈനാപ്പള്ളി - ഇളമ്പിലാശ്ശേരിൽ റോഡ് കോൺക്രീറ്റിംഗ് | 500000 |
| | | | 6 | പട്ടികജാതി/വിഭാഗക്കാർക്ക് ഷെഡ് അടിസ്ഥാനമാക്കിയുള്ള തൊഴിൽ നൈപുണ്യ വികസന പരിശീലനം | 400000 |
| | | | 7 | പട്ടികജാതി പുതുസംരംഭകർക്ക് സ്വയംതൊഴിൽ സബ്സിഡി | 600000 |
| | | | 8 | റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ് പ്രവർത്തികൾ | 2000000 |
| | പട്ടിക വർഗ്ഗ ഉപപദ്ധതി | 82000 | | | |
| | | | | ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക വർഗ്ഗം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 82000 |
| | ആകെ | 273590975 | | ആകെ | 273590975 |
| | മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) | 6618000 | | | |
| | | | 1 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 1118000 |
| | | | 2 | സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 1000000 |
| ക്രമനം | | | 3 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ | 1050000 |
| 2 | | | 4 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ | 900000 |
| | | | 5 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 500000 |
| | | | 6 | ജീവനി പദ്ധതി- ഇലന്തൂർ സിഎഫ്സി യിലേക്ക് മരുന്ന് വാങ്ങൽ | 300000 |
| | | | 7 | ഇലന്തൂർ സി എഫ് സി റിട്ടെയിനിംഗ് വാൾ നിർമ്മാണം | 1750000 |
| | ആകെ | 280208975 | | ആകെ | 280208975 |
| | ജനറൽപർപ്പസ് ഗ്രാന്റ് | 7917000 | | | |
| | | | 1 | പ്രസിഡന്റിന്റെ ഹോണറേറിയം | 400000 |
| | | | 2 | വൈസ് പ്രസിഡന്റിന്റെ ഹോണറേറിയം | 300000 |
| | | | 3 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ ഹോണറേറിയം | 500000 |
| | | | 4 | അംഗങ്ങളുടെ ഹോണറേറിയം | 1400000 |
| 3 | | | 5 | ബ്ലോക്ക്പഞ്ചായത്ത് കെട്ടിടസമുച്ചയം | 900000 |
| | | | 6 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ വിവിധ ചെലവുകൾ | 900000 |
| | | | 7 | യാത്രപ്പടി | 400000 |
| | | | 8 | ദിവസവേതനം | 450000 |
| | | | 9 | ഉദ്ഘാടന ചടങ്ങുകൾ, കലാപരിപാടികൾ, സ്വീകരണങ്ങൾ | 415000 |
| | | | 10 | അസി.എഞ്ചി. എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 432000 |

| | | | | | |
|---|---|---|---|---|---|
| | | | 11 | പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം | 220000 |
| | | | 12 | എബിസി പദ്ധതി - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 200000 |
| | | | 13 | ഓഫീസ് വൈദ്യുത-ടെലിഫോൺ ചെലവുകൾ പ്രസിഡന്റിന്റെയും, വൈസ് പ്രസിഡന്റിന്റെയും ടെലിഫോൺ അലവൻസ് , മുതലായവ | 400000 |
| | | | 14 | ഇളദേശം ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങൽ | 1000000 |
| | ആകെ | 288125975 | | ആകെ | 288125975 |
| | ശുചിത്വ ഭാരത് മിഷൻ (ഗ്രാമീൺ) | 1000000 | | ബയോമെത്തനേഷൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | 1000000 |
| | ആകെ | 289125975 | | ആകെ | 289125975 |
| | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങളുടെ വരവ് | | | ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങളുടെ ചെലവ് | |
| | പൊതുജനാരോഗ്യം | 28100000 | | സി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ | 1000000 |
| | | | | സി എച്ച് സി കെട്ടിടനിർമ്മാണം | 20000000 |
| | | | | സി എച്ച് സി യിൽ ഐസൊലേഷൻ ഹാൾ/മൾട്ടി പർപ്പസ് ഹാൾ | 5100000 |
| | | | | സി എച്ച് സി യിലേക്ക് വാഹനം വാങ്ങി നൽകൽ | 1000000 |
| | | | | സി എച്ച് സി മറ്റു ചെലവുകൾ | 1000000 |
| 1 | വൃദ്ധമന്ദിരം | 1500000 | | വൃദ്ധമന്ദിരം അന്തേവാസികളുടെ വിവിധ ചെലവുകൾ | 1500000 |
| 2 | മഹിളാമന്ദിരം | 1000000 | | മഹിളാമന്ദിരം അന്തേവാസികളുടെ വിവിധ ചെലവുകൾ | 1000000 |
| 3 | ശിശുക്ഷേമം | 5200000 | | പോഷകാഹാരവിതരണം | 3700000 |
| | | | | അങ്കണവാടി കെട്ടിട നിർമ്മാണം | 1500000 |
| 4 | പട്ടിക ജാതി വികസനം | 55000000 | | പട്ടിക ജാതി ഭവനനിർമ്മാണം | 35000000 |
| | | | | ഭൂരഹിത-ഭവനരഹിത പുനരധിവാസം | 3000000 |
| | | | | സ്വയംതൊഴിൽ | 2500000 |
| | | | | മറ്റ് ധനസഹായങ്ങൾ | 14500000 |
| 5 | ക്ഷീരവികസനം | 5000000 | | കാലിത്തൊഴുത്ത്, പശുക്കളെ വാങ്ങൽ | 3500000 |
| | | | | മറ്റ് ക്ഷീരവികസന പ്രവർത്തനങ്ങൾ | 1500000 |
| | കൃഷി വികസനം | 20000000 | | നെൽകൃഷി വികസനം | 5000000 |
| | | | | പച്ചക്കറി വികസനം | 3000000 |
| 6 | | | | കിഴങ്ങുവിള വികസനം, അഗ്രോ സർവ്വീസ് സെന്റർ | 5000000 |
| | | | | പാരമ്പര്യ വികസന പ്രവർത്തനങ്ങൾ | 2000000 |
| 7 | | | | വയലുകളോടു ചേർന്നുള്ള വരമ്പുകൾ, ചെറിയ തരിശുകൾ എന്നിവയുടെ വികസനം | 5000000 |
| | ഗ്രാമവികസനം | 100000 | | ഗാന്ധിജയന്തി വാരാഘോഷം | 100000 |

| | | |
|---|---|---|
| | യുവജനക്ഷേമം | 200000 |
| | സാക്ഷരതാമിഷൻ | 400000 |
| 8 | പലിശബാധ്യതകൾ | 250000 |
| | ഗുണഭോക്തൃവിഹിതം | 4000000 |
| 9 | ആകെ | 409875975 |
| 11 | ജനറൽ പർപ്പസ് ഗ്രാന്റ് (മിച്ചം) | 9000000 |
| 12 | എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് | 6000000 |
| | എം.പി യുടെ ആസ്തിവികസന ഫണ്ട് | 5000000 |
| 14 | ജില്ലാപഞ്ചായത്ത് വിഹിതം | 3000000 |
| | ആകെ | 23000000 |
| | ഒട്ടാകെ | 432875975 |

| | |
|---|---|
| യുവജനക്ഷേമം | 200000 |
| സാക്ഷരതാമിഷൻ | 400000 |
| പലിശബാധ്യതകൾ | 250000 |
| ഗുണഭോക്തൃവിഹിതം | 4000000 |
| ആകെ | 409875975 |
| ജനറൽ പർപ്പസ് ഗ്രാന്റ് (മിച്ചം) | 9000000 |
| എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് | 6000000 |
| എം.പി യുടെ ആസ്തിവികസന ഫണ്ട് | 5000000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 3000000 |
| ആകെ | 23000000 |
| ഒട്ടാകെ | 432875975 |